സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് - പെൻഷനായ ജീവനക്കാരുടെ മരണാനന്തര ചടങ്ങുകൾക്ക് ധനസഹായം നൽകുന്ന സംഗതി - തുക ചെലവെഴുതി നൽകുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC 8003/16/Est-I** നന്തൻകോട്, **11 /12/2018**

---

പരാമർശം :- (1) 21-04-2017 ലെ മേൽ നമ്പർ ബോർഡുത്തരവ്.

(2) 03-10-2018 ൽ ROC 8003/16/Est-1 (ii) നമ്പർ ബോർഡുത്തരവ്

(3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 19-11-2018 ലെ DA 720/18/E-1 നമ്പർ റിമാർക്ക്സ്.

## ഉത്തരവ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ പെൻഷൻ സംഘടനകളുമായിട്ടുള്ള കോൺഫറൻസുകളിലെ തീരുമാനപ്രകാരം പെൻഷൻകാർക്ക് മരണാനന്തര ചടങ്ങുകൾക്ക് തുക അനുവദിക്കണമെന്ന ആവശ്യം സംബന്ധിച്ച് പരാമർശം 1 പ്രകാരം എക്സ്ഗ്രേഷ്യാ വാങ്ങുന്ന പെൻഷൻകാർക്ക് 5,000/- രൂപയും പരാമർശം 2 പ്രകാരം മറ്റുള്ള പെൻഷൻകാർക്ക് 1,000/- രൂപയും അനുവദിച്ചിരുന്നു.

പ്രസ്തുത ആനുകൂല്യം പെൻഷണറുടെ ആശ്രിതർക്ക് ചുവടെ വിവരിക്കുംപ്രകാരം ചെലവെഴുതി നൽകുന്നതിന് അനുവദിച്ച് ഉത്തരവാകുന്നു.

- പെൻഷണർ വിരമിച്ച ഗ്രൂപ്പിൽ/ആഫീസിൽ നിന്നും പെൻഷൻകാരുടെയും എക്സ്ഗ്രേഷ്യാക്കാരുടെയും മരണാനന്തര ചടങ്ങുകൾക്ക് അനുവദിച്ചിട്ടുള്ള തുക ചെലവെഴുതി നൽകേണ്ടതാണ്.
- പെൻഷണറുടെ PPO ബുക്ക്, ഡെത്ത് സർട്ടിഫിക്കറ്റ്, അവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ (ഗസറ്റഡ് ഉദ്യോഗസ്ഥൻ) പകർപ്പ് ഹാജരാക്കുന്ന ആശ്രിതന്റെ തിരിച്ചറിയൽ രേഖ ബോദ്ധ്യപ്പെട്ട് തുക ചെലവെഴുതി നൽകുന്നതിന് അതത് ഗ്രൂപ്പ്/ആഫീസ് മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

സെക്രട്ടറി

അസിസ്റ്റന്റ് സെക്രട്ടറി, 'സി' സെക്ഷൻ,
ഇൻ അഡീഷണൽ ചാർജ്ജ്

(മറുപുറം)

EOP

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ജോയിന്റ് ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവിതാംകൂർ ദേവസ്വം ബോർഡ്
3. ഇ.ഡി.പി. സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ഓഫീസ് കോപ്പി

**SK**